# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

T3/31509/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം വികാസ് ഭവൻ,
തിരുവനന്തപുരം - 695033.

തീയതി: 03.08.2023

**<u>Biometric Authentication of stakeholders of Post Matric Minority Scholarship Scheme 2022-23 Academic Year</u>**

വിഷയം:- 2022-23 അദ്ധ്യയന വർഷത്തിലെ പോസ്റ്റ് മെട്രിക് മൈനോറിറ്റി സ്കോളർഷിപ്പിന് National Scholarship Portal (NSP) മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ അപേക്ഷകരുടെയും, നിലവിലെ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർമാരുടെയും, Head of Institution ന്റെയും ആധാർ അധിഷ്ഠിത ബയോമെട്രിക് authentication നടത്തുന്നത് - സംബന്ധിച്ച്

സൂചന :- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ 01.08.23 ലെ SS-15/8/2022-Scholarship-MoMA നമ്പർ അർദ്ധഔദ്യോഗിക കത്ത്

*********

2022-23 അദ്ധ്യയന വർഷത്തിലെ പോസ്റ്റ് മെട്രിക് മൈനോറിറ്റി സ്കോളർഷിപ്പ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സ്കോളർഷിപ്പ് തുക അർഹരായവർക്ക വിതരണം ചെയ്യുന്നതിലേക്കായി ടി അദ്ധ്യയന വർഷത്തിൽ NSP മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ അപേക്ഷകരുടെയും, ടി അപേക്ഷകർ പഠിക്കുന്ന സ്ഥാപനത്തിലെ Head of Institution, Institute Nodal Officer എന്നിവരുടെയും ആധാർ അധിഷ്ഠിത ബയോമെട്രിക് authentication പൂർത്തിയാക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും സൂചന പ്രകാരം നിർദേശം നൽകിയിരിക്കുന്നു. പ്രസ്തുത ആധാർ അധിഷ്ഠിത ബയോമെട്രിക് authentication വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വിവിധ ഘട്ടങ്ങളിലായാണ് പൂർത്തിയാക്കേണ്ടത്. ക്യാമ്പ് നടത്തുന്ന സ്ഥലം, സമയം എന്നിവയുടെ വിവരങ്ങൾ www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓഗസ്റ്റ് 20 നകം ക്യാമ്പ് സംഘടിപ്പിച്ച് ബയോമെട്രിക് authentication പൂർത്തിയാക്കാനാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും നിർദേശം നൽകിയിരിക്കുന്നതെന്നതിനാൽ ഇത് അടിയന്തിര വിഷയമായി കണക്കാക്കേണ്ടതും ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്:

1. ബയോമെട്രിക് authentication നുള്ള വിവരശേഖരണത്തിനായുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 2022 - 23 അധ്യയന വർഷത്തിൽ NSP യിൽ പോസ്റ്റ് മെട്രിക് മൈനോറിറ്റി സ്കോളർഷിപ്പിനുള്ള ഫ്രഷ് / renewal അപേക്ഷകൾ സമർപ്പിച്ച **സ്ഥാപനങ്ങൾ മാത്രം** ഇതോടൊപ്പമുള്ള ലിങ്കിൽ നൽകിയിരിക്കുന്ന ഗൂഗിൾ ഫോമിൽ **05.08.23 ന് വൈകുന്നേരം 5 മണിക്ക് മുൻപായി** വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

   https://forms.gle/ihwQM8TJkuwijvdw8

2. Biometric authentication നടത്തുന്നതിലേക്കായി 2022 - 23 അധ്യയന വർഷത്തെ അപേക്ഷകരുടെ ആധാർ വിവരങ്ങൾ അപേക്ഷയിൽ നിർബന്ധമായും ചേർക്കേണ്ടതാണെന്ന നിർദ്ദേശം ലഭിച്ചിട്ടുള്ളതിനാൽ, അപേക്ഷ സമർപ്പിച്ചപ്പോൾ ആധാർ വിവരങ്ങൾ ചേർക്കാൻ വിട്ടുപോയ അപേക്ഷകർക്ക് ആയത് ചേർക്കുന്നതിലേക്കായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലെ Student profile ൽ 10.08.23 വരെ സൗകര്യം ലഭ്യമായിരിക്കുന്നതാണ്. 01.07.22 ന 18 വയസ്സ് തികയാത്ത ആധാർ കാർഡില്ലാത്ത അപേക്ഷകർ അവരുടെ രക്ഷിതാവിന്റെയോ legal guardian ന്റെയോ ആധാർ വിവരങ്ങൾ നിർബന്ധമായും 10.08.23 ന

മുൻപായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ Student profile മുഖേന നൽകേണ്ടതാണ്. കൂടാതെ അപേക്ഷ സമർപ്പിച്ചപ്പോൾ നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാറ്റേണ്ടതായുണ്ടെങ്കിൽ ആയതും student profile മുഖേന 10.08.23 ന മുൻപായി മാറ്റേണ്ടതാണ് (ബാങ്ക് അക്കൗണ്ട് aadhaar linked ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്). മേൽപ്പറഞ്ഞ പ്രകാരമുള്ള ആധാർ വിവരങ്ങളും അക്കൗണ്ട് വിവരങ്ങളുമല്ലാതെ മറ്റു യാതൊരു വിവരങ്ങളും Student profile ൽ മാറ്റാൻ പാടുള്ളതല്ല.

**മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം 2022-23 അധ്യയന വർഷത്തെ സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിൽ നിന്നും ഏതെങ്കിലും വിദ്യാർത്ഥി ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാർത്ഥി / Head of Institution / Institute Nodal Officer ക്കു മാത്രമായിരിക്കും.**

Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 03.08.2023
Reason: Approved

*ഒപ്പ്/-*
**മനോമോഹൻ കെ**
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്
(ഇൻ ചാർജ്)